82.

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾ (ഒഴിവുകളുടെ നിർബന്ധിത വിജ്ഞാപനം) ആക്റ്റ്, 1959

(1959-ലെ 31-ാം നമ്പർ ആക്റ്റ്)

[illegible] ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾ (ഒഴിവുകളുടെ നിർബന്ധിത വിജ്ഞാപനം) ആക്ററ്, 1959

(1959-ലെ 31-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

3/2137/B.

# എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾ (ഒഴിവുകളുടെ നിർബന്ധിത വിജ്ഞാപനം) ആക്ററ്, 1959

(1959-ലെ 31-ാം നമ്പർ ആക്ററ്)

എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ, ഒഴിവുകൾ നിർബന്ധമായി അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്

[1959 സെപ്ററംബർ, 2]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പത്താം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന്, എംപ്ലായ്മെൻറ് എക്സ്ചേഞ്ച് (ഒഴിവുകളുടെ നിർബന്ധിത വിജ്ഞാപനം) ആക്ററ്, 1959 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത്, ഒരു സ്റേററിൽ, അങ്ങനെയുള്ള സ്റേററിനായി കേന്ദ്ര ഗവൺമെൻറ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്റേററുകൾക്കോ, ഒരു സ്റേററിലെ വ്യത്യസ്ത പ്രദേശങ്ങൾക്കോ വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "സമുചിത ഗവൺമെൻറി" ന്—

(1) (ക) ഏതെങ്കിലും റയിൽവേയുടേയോ, വൻകിട തുറമുഖത്തിൻേറയോ, ഖനിയുടേയോ, എണ്ണപ്പാടത്തിൻേറയോ ഏതെങ്കിലും സ്ഥാപനം സംബന്ധിച്ചോ; അല്ലെങ്കിൽ

(ഖ) (i) കേന്ദ്രഗവൺമെൻറിനോ, കേന്ദ്രഗവൺമെൻറിൻെറ ഒരു വകുപ്പിനോ;

(ii) ഏതു കമ്പനിയിലാണോ കേന്ദ്രഗവൺമെൻറിന്, അല്ലെങ്കിൽ ഭാഗികമായി കേന്ദ്രഗവൺമെൻറിനും ഭാഗികമായി ഒന്നോ അതിലധികമോ സ്റേററ് ഗവൺമെൻറുകൾക്കും ഓഹരി മൂലധനത്തിൻെറ അൻപത്തൊന്നു ശതമാനത്തിലും കുറയാതെയുള്ളത്, അങ്ങനെയുള്ള ഒരു കമ്പനിക്കോ;

(iii) ഒരു കേന്ദ്ര ആക്ററിനാലോ ആക്ററിൻകീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും, കേന്ദ്രഗവൺമെൻറിന് ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതുമായ (സഹകരണ സംഘം ഉൾപ്പെടെ) ഒരു ഏകാംഗയോഗത്തിന്നോ;

ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും സ്ഥാപനം സംബന്ധിച്ചോ,

കേന്ദ്രഗവൺമെൻറ് എന്നും;

(2) മററതെങ്കിലും, സ്ഥാപനം സംബന്ധിച്ച് ആ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്റേററിലെ ഗവൺമെൻറ് എന്നും;

അർത്ഥമാകുന്നു.

(ഖ) 'ജീവനക്കാരൻ' ന്, ഒരു സ്ഥാപനത്തിൽ വേതനത്തിന് ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആരം എന്നർത്ഥമാകുന്നു.

(ഗ) 'നിയോജക' ന്, ഒരു സ്ഥാപനത്തിൽ വേതനത്തിന് ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ ഒന്നോ അതിലധികമോ മററ് ആളുകളെ നിയോജിക്കുന്ന ഏതെങ്കിലും ആരം എന്നർത്ഥമാകുന്നതും, അതിൽ, അങ്ങനെയുള്ള സ്ഥാപനത്തിൽ ജീവനക്കാരുടെ മേൽനോട്ടവും നിയന്ത്രണവും ഭരമേല്പിക്കപ്പെടുന്ന ഏതെങ്കിലും ആരം ഉൾപ്പെടുന്നതും ആകുന്നു.

(ഘ) 'എംപ്ലായ്മെൻറ് എക്സ്ചേഞ്ചി' ന് രജിസ്ററുകൾ വച്ചുപോരുകവഴിയോ മറേറാ—

(i) ജോലിക്കേർപ്പെടുത്താൻ ജീവനക്കാരെ അന്വേഷിക്കുന്ന ആളുകളേയും;

(ii) നിയോജനം അന്വേഷിക്കുന്ന ആളുകളേയും;

(iii) നിയോജനം അന്വേഷിക്കുന്ന ആളുകളെ നിയമിക്കാവുന്ന ഒഴിവുകളേയും;

സംബന്ധിച്ചുള്ള വിവരം ശേഖരിക്കുകയും നല്കുകയും ചെയ്യുന്നതിന് ഗവൺമെൻറ് സ്ഥാപിക്കുകയും നിലനിറുത്തിപ്പോരുകയും ചെയ്യുന്ന ഏതെങ്കിലും ആഫീസോ സ്ഥലമോ എന്നർത്ഥമാകുന്നു.

(ങ) 'സ്ഥാപനത്തി' ന്—

(ക) ഏതെങ്കിലും ആഫീസോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വ്യവസായമോ, വ്യാപാരമോ ബിസിനസ്സോ, ജീവനമോ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും സ്ഥലമോ,

എന്നർത്ഥമാകുന്നു.

(ച) 'പൊതുമേഖലാ സ്ഥാപനത്തി' ന്,—

(1) ഗവൺമെൻറിനോ ഗവൺമെൻറിൻെറ ഒരു വകുപ്പിനോ,

(2) കമ്പനികൾ ആക്ററ്, 1956 (1956-ലെ 1)-ലെ 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഗവൺമെൻറ് കമ്പനിയ്ക്കോ ;

(3) ഒരു കേന്ദ്ര ആക്ററിനാലോ പ്രവിശ്യാ ആക്ററിനാലോ സ്റേററ് ആക്ററിനാലോ അവയിൽ ഏതിനെങ്കിലും കീഴിലോ സ്ഥാപിച്ചിട്ടുള്ളതും, ഗവൺമെൻറിന് ഉടമപ്പെട്ടതോ അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ്ചെയ്യപ്പെടുകയോ ചെയ്യുന്നതും ആയ (ഒരു സഹകരണസംഘം ഉൾപ്പെടെ) ഒരു ഏകാംഗയോഗത്തിനോ,

(4) ഒരു തദ്ദേശാധികാര സ്ഥാപനത്തിനോ,

ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്ന സ്ഥാപനം എന്നർത്ഥമാകുന്നു.

(ഛ) 'സ്വകാര്യ മേഖലാസ്ഥാപന'ത്തിന്, പെതുമേഖലയിലെ സ്ഥാപനമല്ലാത്തതും സാധാരണമായി ഇരുപത്തഞ്ചോ അതിലധികമോ ആളുകൾ വേതനത്തിന് പ്രവൃത്തിചെയ്യുവാൻ നിയോജിക്കപ്പെടുന്നതുമായ സ്ഥാപനം എന്നർത്ഥമാകുന്നു.

(ജ) 'നിർണ്ണയിക്കപ്പെടുന്ന' എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഝ) 'അവിദഗ്ദ്ധമായ ആഫീസ് പ്രവൃത്തി'യ്ക്ക് ഒരു സ്ഥാപനത്തിൽ ജീവനക്കാരുടെ താഴെപ്പറയുന്ന വിഭാഗങ്ങളിൽ ഏതെങ്കിലും ചെയ്യുന്ന പ്രവൃത്തി എന്നർത്ഥമാകുന്നു.—

(1) ദഫ്ത്രി ;
(2) ജമേദാറും, ആർഡേർലിയും പ്യൂണും ;
(3) പൊടിതട്ടുന്നവനോ ഫാരഷോ ;
(4) കെട്ടോ റിക്കാർഡോ ചുമക്കുന്നവൻ ;
(5) പ്രാസസ് സർവർ ;
(6) വാച്ച്മാൻ ;
(7) തൂപ്പുകാരൻ ;
(8) കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി അവിദഗ്ദ ആഫീസ് പ്രവൃത്തിയായി പ്രഖ്യാപിക്കുന്ന ഏതെങ്കിലും പതിവുപ്രവൃത്തിയോ അവിദഗ്ദ്ധ പ്രവൃത്തിയോ ചെയ്യുന്ന മറേറതെങ്കിലും ജീവനക്കാരൻ.

3. ആക്ററ്, ചില ഒഴിവുകൾ സംബന്ധിച്ച് ബാധകമാകുന്നതല്ലെന്ന്.—

(1) ഈ ആക്ററ്,—

(ക) ഏതെങ്കിലും സ്വകാര്യമേഖലാ സ്ഥാപനത്തിലുള്ള (തോട്ടക്കൃഷി ഉൾപ്പെടെയുള്ള) കൃഷിയിലെ കാർഷികയന്ത്രങ്ങളോ ഫാം യന്ത്രങ്ങളോ പ്രവർത്തിപ്പിക്കുന്നവരായുള്ള നിയോജനം അല്ലാത്ത ഏതെങ്കിലും നിയോജനത്തിലേയോ,

(ഖ) വീട്ടുവേലയിലെ ഏതെങ്കിലും നിയോജനത്തിലേയോ,

(ഗ) ആകെക്കാലം മൂന്നുമാസത്തിലും കുറയുന്ന ഏതെങ്കിലും നിയോജനത്തിലേയോ,

(ഘ) അവിദഗ്ദ്ധ ആഫീസ് പ്രവൃത്തി ചെയ്യാനുള്ള ഏതെങ്കിലും നിയോജനത്തിലേയോ ;

(ങ) പാർലമെൻറ് സ്ററാഫുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയോജനത്തിലേയോ,

ഒഴിവുകൾ സംബന്ധിച്ച് ബാധകമായിരിക്കുന്നതല്ല.

(2) കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേക്കായി മററുവിധത്തിൽ നിർദേശിക്കാത്തപക്ഷം, ഈ ആക്ററ്—

(ക) പ്രമോഷൻവഴിയോ അതേ സ്ഥാപനത്തിലെ ഏതെങ്കിലും ശാഖയിലേയോ വകുപ്പിലേയോ മിച്ചമുള്ള സ്ററാഫിനെ ആഗിരണം ചെയ്യുന്നതിനോ, ആല്ലെങ്കിൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷനും, അല്ലെങ്കിൽ സ്റേററ് പബ്ലിക്സർവ്വീസ് കമ്മിഷനും അതുപോലെയുള്ളതുമായ ഏതെങ്കിലും സ്വതന്ത്ര ഏജൻസിയോ നടത്തുന്ന ഏതെങ്കിലും പരീക്ഷയുടേയോ ഇൻർവ്യൂവിൻേറയോ ഫലത്തിൻമേലോ അങ്ങനെയുള്ള ഏജൻസിയുടെ ശിപാർശയിൻമേലൊ പൂരിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒഴിവുകളോ

(ഖ) മാസത്തിൽ അറുപതു രൂപയിൽ കുറഞ്ഞ വേതനമുള്ള നിയോജനങ്ങളിലെ ഒഴിവുകളോ,

സംബന്ധിച്ചും, ബാധകമായിരിക്കുന്നതല്ല.

4. ഒഴിവുകൾ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ അറിയിക്കൽ.—ഏതെങ്കിലും സ്റേററിലോ, അതിലെ ഏതെങ്കിലും പ്രദേശത്തോ, ഈ ആക്റ്റ് പ്രാരംഭത്തിൽ വന്നതിനുശേഷം, ആ സ്റേററിലേയോ പ്രദേശത്തിലേയോ ഏതൊരു പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയോജകൻ ആ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജനത്തിലെ ഏതെങ്കിലും ഒഴിവ് പൂരിപ്പിക്കുന്നതിനുമുൻപ്, ആ ഒഴിവ് നിർണ്ണയിക്കപ്പെടുന്ന എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ അറിയിക്കേണ്ടതാകുന്നു.

(2) സമുചിതഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ ഏതൊരു സ്വകാര്യ മേഖലാ സ്ഥാപനങ്ങളിലേയും, അല്ലെങ്കിൽ ഏതെങ്കിലും തരം അല്ലെങ്കിൽ വിഭാഗം സ്വകാര്യ മേഖലാസ്ഥാപനം സംബന്ധിച്ച ഏതൊരു സ്ഥാപനത്തിലേയും നിയോജകൻ, ആ സ്ഥാപനത്തിലുള്ള ഏതെങ്കിലും നിയോജനത്തിലെ ഏതെങ്കിലും ഒഴിവു പൂരിപ്പിക്കുന്നതിനു മുൻപ്, ആ ഒഴിവ് നിർണ്ണയിക്കപ്പെടുന്ന എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതും, അതോടെ നിയോജകൻ അങ്ങനെ ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ച ഒഴിവുകൾ, എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ അറിയിക്കേണ്ട രീതിയും, അങ്ങനെയുള്ള ഒഴിവുകൾ ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ പോകുന്നതോ ആയ നിയോജനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നിർണ്ണയിക്കപ്പെടുന്നതുപോലെയുള്ളതായിരിക്കേണ്ടതാണ്.

(4) (1)-ം (2)-ം ഉപവകുപ്പുകളിലെ യാതൊന്നും, ആ ഉപവകുപ്പുകളിൽ ഏതിനെങ്കിലും കീഴിൽ, ആ ഒഴിവ് അറിയിക്കപ്പെട്ടിട്ടുണ്ടെന്ന കാരണത്താൽമാത്രം ഏതെങ്കിലും ഒഴിവ് പൂരിപ്പിക്കാൻ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾവഴി ഏതെങ്കിലും ആളെ റിക്രൂട്ട് ചെയ്യാൻ ഏതെങ്കിലും നിയോജകൻെറ മേൽ ഏതെങ്കിലും കടപ്പാട് ചുമത്തുന്നതായി കരുതപ്പെടുന്നതല്ല.

5. നിയോജകൻമാർ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വിവരവും റിട്ടേണുകളും നല്കണമെന്ന്.—(1) ഏതെങ്കിലും സ്റേററിലോ അതിലെ ഏതെങ്കിലും പ്രദേശത്തോ ഈ ആക്ററ് പ്രാരംഭത്തിൽ വന്നതിനുശേഷം ആ സ്റേററിലേയോ പ്രദേശത്തിലേയോ ഏതൊരു പൊതുമേഖലാ സ്ഥാപനത്തിലേയും നിയോജകൻ ആ സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻപോകുന്നതോ ആയ ഒഴിവുകൾ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടുന്ന വിവരമോ റിട്ടേണോ നിർണ്ണയിക്കപ്പെടുന്നതോ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾക്ക് നല്കേണ്ടതാകുന്നു.

(2) സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ ഏതൊരു സ്വകാര്യമേഖലാ സ്ഥാപനത്തിലേയും, അല്ലെങ്കിൽ ഏതെങ്കിലും തരം അല്ലെങ്കിൽ വിഭാഗം സ്വകാര്യ മേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച ഏതൊരു സ്ഥാപനത്തിലേയും നിയോജകൻ ആ സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ പോകുന്നതോ ആയ ഒഴിവുകൾ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന വിവരമോ റിട്ടേണോ നിർണ്ണയിക്കപ്പെടുന്ന എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകൾക്ക് നല്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതും, അതോടെ നിയോജകൻ അങ്ങനെ ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള വിവരമോ റിട്ടേണോ നല്കേണ്ട ഫാറവും, എത്ര ഇടവിട്ടാണ് അവ നല്കേണ്ടതെന്നുള്ളതും, അവയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർണ്ണയിക്കപ്പെടുന്നതുപോലെയുള്ളതായിരിക്കേണ്ടതാകുന്നു.

6. റിക്കാർഡുകളോ രേഖകളോ ചെന്നു നോക്കാനുള്ള അവകാശം.—ഗവൺമെൻറിൻെറ, ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ അയാൾ ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ 5-ാം വകുപ്പിൻ കീഴിൽ വിവരമോ റിട്ടേണുകളോ നല്കാൻ ആവശ്യപ്പെട്ടിട്ടുള്ളത് ഏതു നിയോജകനോടാണോ, ആ നിയോജകൻെറ കൈവശമുള്ള പ്രസക്തമായ ഏതെങ്കിലും റിക്കാർഡോ രേഖയോ ചെന്നുനോക്കാനവകാശമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള റിക്കാർഡോ രേഖയോ ഉണ്ടെന്ന് താൻ വിശ്വസിക്കുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും പ്രസക്തമായ റിക്കാർഡുകളോ രേഖകളോ പരിശോധിക്കുകയോ അവയുടെ പകർപ്പുകൾ എടുക്കുകയോ ആ വകുപ്പിൻ കീഴിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം ലഭിക്കാനായി ഏതെങ്കിലും ചോദ്യം ചോദിക്കുകയോ ചെയ്യാവുന്നതും ആണ്.

7. ദണ്ഡനങ്ങൾ.—(1) 4-ാം വകുപ്പിൻെറ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും നിയോജകൻ ഏതെങ്കിലും ഒഴിവ്, അത് അറിയിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളെ അറിയിക്കാതിരിക്കുന്നുവെങ്കിൽ അയാൾ ആദ്യത്തെ കുററത്തിന് അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ ശിക്ഷയും പിന്നീടുള്ള ഓരോ കുററത്തിനും ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും ആൾ—

(ക) ഏതെങ്കിലും വിവരമോ റിട്ടേണോ നല്കുവാൻ തന്നോടു ആവശ്യപ്പെട്ടിരിക്കെ—

(i) അങ്ങനെയുള്ള വിവരമോ റിട്ടേണോ നല്കാൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ, അല്ലെങ്കിൽ

(ii) വ്യാജമെന്നു തനിക്കറിയാവുന്ന ഏതെങ്കിലും വിവരമോ റിട്ടേണോ നല്കുകയോ, നല്കിക്കുകയോ, അല്ലെങ്കിൽ

(iii) 5-ാം വകുപ്പിൻകീഴിൽ നല്കാൻ ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നതിന് ആവശ്യകമായ ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുകയോ വ്യാജമായ ഉത്തരം നല്കുകയോ,

ചെയ്യുന്നുവെങ്കിലോ, അല്ലെങ്കിൽ

(ഖ) 6-ാം വകുപ്പു നല്കുന്ന പ്രസക്തമായ റിക്കാർഡുകളോ രേഖകളോ ചെന്നുനോക്കാനുള്ള അവകാശമോ പ്രവേശനത്തിനുള്ള അവകാശമോ തടസ്സപ്പെടുത്തുന്നുവെങ്കിലോ,

അയാൾ ആദ്യത്തെ കുററത്തിന് ഇരുനൂററിയൻപതുരൂപയോളമാകാവുന്ന, പിഴശിക്ഷയും പിന്നീടുള്ള ഓരോ കുററത്തിനും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

8. കുററങ്ങൾ നടപടിക്കെടുക്കൽ.—ഈ ആക്ററിൻ കീഴിലെ ഒരു കുററത്തിനുള്ള യാതൊരു പ്രാസിക്യൂഷനും ഇതിലേക്ക് നിർണ്ണയിക്കപ്പെടുന്ന ഗവൺമെൻറ് ഉദ്യോഗസ്ഥനാലോ അയാൾ ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളാലോ ആ ഉദ്യോഗസ്ഥൻേറയോ ആളുടേയോ അനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കുവാൻ പാടുള്ളതല്ല.

9. ഉത്തമ വിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും, അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനിൽക്കുന്നതല്ല.

10. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായും ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കാനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്ക് അല്ലെങ്കിൽ അവയിൽ ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്—

(ക) അങ്ങനെയുള്ള ഒഴിവുകൾ അറിയിക്കേണ്ടത് ഏതു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനേയോ എക്സ്ചേഞ്ചുകളേയോ ആണെന്നും ഏതു ഫാറത്തിലും രീതിയിലും ആണെന്നും, ഏതു സമയത്തിനുള്ളിലാണെന്നും ഉള്ളതും, അങ്ങനെയുള്ള ഒഴിവുകൾ ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ പോകുന്നതോ ഏതു നിയോജനങ്ങളിലാണോ ആ നിയോജനങ്ങളുടെ വിവരങ്ങളും;

(ഖ) 5-ാം വകുപ്പിൻകീഴിൽ ആവശ്യപ്പെടുന്ന വിവരവും റിട്ടേണുകളും നൽകേണ്ട ഫാറവും രീതിയും, എത്ര ഇടവിട്ടാണ് അവ നൽകേണ്ടതെന്നുള്ളതും അവയിലടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(ഗ) 6-ാം വകുപ്പു നൽകുന്ന രേഖകൾ ചെന്നുനോക്കാനുള്ള അവകാശവും പ്രവേശനാവകാശവും പ്രയോഗിക്കപ്പെടാവുന്നത് ഏത് ഉദ്യോഗസ്ഥൻമാരാലാണെന്നും ഏതു രീതിയിലാണെന്നും ഉള്ളത്;

(ഘ) ഈ ആക്ററിൻകീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററ് ഏതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറിൻെറ ഓരോ സഭയുടേയും മുമ്പാകെ മുപ്പതു ദിവസത്തിൽ കുറയാതെ വയ്ക്കേണ്ടതും അവ അപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനത്തിലോ തൊട്ടടുത്തുവരുന്ന സമ്മേളനത്തിലോ പാർലമെൻറ് വരുത്തുന്ന രൂപഭേദങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.